**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3323 16/12 /2015-ൽ മറുപടിയ്ക്ക്

## നിറവ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.അച്ചുതൻ**<br>**,, ബെന്നി ബെഹനാൻ**<br>**,, ടി.എൻ. പ്രതാപൻ**<br>**,, വി.ഡി.സതീശൻ** | **ശ്രീ . കെ.പി.മോഹനൻ**<br>**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)** |
| എ) നിറവ് പദ്ധതി നടപ്പാക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | എ) ഉണ്ട്.<br>2012-13, 2013-14, 2014-15 വർഷങ്ങളിലായി 86 നിയോജക മണ്ഡലങ്ങൾ "നിറവ്" പദ്ധതി നടപ്പിലാക്കാൻ തിരഞ്ഞെടുത്തിട്ടുണ്ട്. വിത്തു മുതൽ വിപണി വരെ കാർഷിക അനുബന്ധ മേഖലകളുടെ സമഗ്ര വികസനത്തിനായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പദ്ധതികൾ ഉൾപ്പെടുന്ന ഒരു പരിപാടിയാണ് "നിറവ്". ഓരോ നിയോജക മണ്ഡലത്തിന്റെയും സമഗ്ര വികസനം ലക്ഷ്യമിട്ട് ബഹു.സ്ഥലം എം.എൽ.എ-യുടെ നേതൃത്വത്തിൽ കാർഷിക മേഖലയുടെ സമഗ്ര വികസനത്തിന് ഉതകും വിധം കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) നിറവ് പദ്ധതിയുടെ പ്രധാന ഉദ്ദേശ ലക്ഷ്യം കാർഷിക മേഖലയിൽ സമഗ്ര വികസനം സാദ്ധ്യമാക്കുക എന്നതാണ്. ഓരോ പ്രദേശത്തിന്റെ |

പ്രത്യേകതകൾക്കനുസൃതമായി കൃഷി വ്യാപിപ്പിക്കുന്നതിനും മൂല്യവർദ്ധനവിലൂടെയും, ഉല്പന്ന വൈവിധ്യ വൽക്കരണത്തിലൂടെയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അനുബന്ധ മേഖലകളായ കാലിവളർത്തൽ, കോഴി വളർത്തൽ, മത്സ്യകൃഷി, കൂൺ കൃഷി, തേനീച്ച വളർത്തൽ എന്നിവയിലൂടെ ഒരു പ്രദേശത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിടുന്നതാണ് ഈ പദ്ധതി.

സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

സി) ഒരു പ്രദേശത്തിന്റെ സമഗ്ര വികസനം ഉറപ്പാക്കുവാൻ കാർഷിക അനുബന്ധമേഖലകളുടെ ഏകോപനത്തിനുള്ള നടപടി കൃഷി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലെങ്കിലും വികസന പ്രവർത്തനങ്ങൾ സംസ്ഥാനവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ കൃഷി വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. ധനപുനർവിനിയോഗം വഴി ഫണ്ട് സ്വരൂപിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ